# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 188 23.01.2014- ൽ മറുപടിക്ക്

### കൈത്തറി മേഖലയിലെ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. വി. ശശി | | ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി മേഖലയിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന അസംസ്കൃത വസ്തുക്കൾ ഏതെല്ലാം; ഈ സാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | നൂലും, ചായവും, കസവും, രാസവസ്തുക്കളുമാണ് കൈത്തറി മേഖലയിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന അസംസ്കൃത വസ്തുക്കൾ. ഈ സാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ നൂലിന് ഏകദേശം 100%വും ചായത്തിന് 40%വും രാസവസ്തുക്കൾക്ക് 150%വും വിലവർദ്ധിച്ചിട്ടുണ്ട്. |
| (ബി) | ഒരു കഴി നൂലിനും കസവിനും പത്തുവർഷം മുമ്പ് ഉണ്ടായിരുന്ന വിലയും ഇപ്പോഴുള്ള വിലയും താരതമ്യം ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ഒരു കഴിനൂലിന് കഴിഞ്ഞ 10 വർഷത്തിനിടയിൽ ഏകദേശം 100% വർദ്ധനവും കസവിന് ഏകദേശം 400% വർദ്ധനവും ഉണ്ടായിട്ടുണ്ട്. |
| (സി) | അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഉണ്ട്. കേന്ദ്രഗവൺമെന്റ് 10% പ്രൈസ് സബ്സിഡി നൽകുന്നു. എൻ.എച്ച്.ഡി.സി.യിൽ നിന്നും വാങ്ങുന്ന നൂലിനു മാത്രമാണ് ഈ സബ്സിഡി നൽകുന്നത്. ഇത് എൻ.എച്ച്.ഡി.സി വഴിയാണ് നൽകുന്നത്. സംസ്ഥാന സർക്കാർ കൈത്തറി സംഘങ്ങൾക്ക് ഹാങ്ക് യാൺ സബ്സിഡി നൽകുന്നു. എൻ.എച്ച്.ഡി.സിയുടെ പ്രൈസ് സബ്സിഡി വാങ്ങുന്നവർക്ക് ഹാങ്ക് യാൺ സബ്സിഡി ലഭിക്കുകയില്ല. അംഗീകൃത യാൺ ബാങ്കുകളിൽ |

| | | | |
|---|---|---|---|
| | | | നിന്നും നൂൽ വാങ്ങുമ്പോൾ $40^S$ ന താഴെയുള്ള കൗണ്ടുകൾക്ക് കിലോഗ്രാമിന് 25 രൂപയും $40^S$ മുതൽ $80^S$ വരെയുള്ള കൗണ്ടുകൾക്ക് കിലോഗ്രാമിന് 30 രൂപയും $80^S$ ന മുകളിലുള്ള കൗണ്ടുകൾക്ക് 40 രൂപയും എന്ന നിരക്കിൽ ഹാങ്ക് യാൺ സബ്സിഡി സംഘങ്ങൾക്ക് നൽകുന്നു. ഇതു അംഗീകൃത യാൺ ബാങ്കു വഴിയാണ് നൽകുന്നത്. കൂടാതെ അംഗീകൃത യാൺ ബാങ്കുകളിൽ നിന്നും ചായങ്ങളും രാസവസ്തുക്കളും വാങ്ങുമ്പോൾ വിലയുടെ 10% സബ്സിഡിയായി സംഘങ്ങൾക്ക് നൽകുന്നു. |

സെക്ഷൻ ഓഫീസർ